# റമദാൻ ചിന്തകൾ

**എം. എം. അക്ബർ**

വിശുദ്ധീകരണത്തിൻെറയും വിമലീകരണത്തിൻെറയും മാസമായ റമദാൻ ആഗതമാകാൻ ഇനി ഏതാനും ദിവസങ്ങൾ മാത്രം. സ്വയം വിലയിരുത്തലിൻെറയും തിരുത്തലിൻെറയും മാസം. വ്രതാനുഷ്ഠാനത്തിൻെറ ദിനരാത്രങ്ങൾ കൊഴിഞ്ഞുപോകും. വീണ്ടും ഈദുൽ ഫിത്വ്റും ആ ഘോഷങ്ങളും വരും; കഴിയും. റമദാൻ തുടങ്ങുന്നതിനു മുമ്പുള്ള അവസ്ഥയിൽതന്നെയാണ് കഴിഞ്ഞതിനുശേഷവും നമ്മളെങ്കിൽ ഈ പുണ്യമാസം കൊണ്ട് നാം ഒന്നും നേടിയില്ലെന്നു വ്യക്തം. അതൊരു നഷ്ടമാണ്; മഹാനഷ്ടം- അടുത്ത റമദാനിനെ സ്വീകരിക്കുവാൻ നമ്മിൽ ആരൊക്കെയുണ്ടാകുമെന്നറിയില്ലല്ലോ.

പ്രബോധകരെ സംബന്ധിച്ചിടത്തോളം റമദാനിലെ സ്വയം വിലയിരുത്തൽ ഏറെ പ്രസക്തമാണ്. മറ്റുള്ളവരെ നന്മയിലേക്കു ക്ഷണിക്കുന്നവരാണവർ. മറ്റുള്ളവർ എത്തിച്ചേരണമെന്ന് ആഗ്രഹിക്കുന്ന നന്മകളിലേക്കെത്തിച്ചേരാൻ സ്വയം കഴിഞ്ഞിട്ടുണ്ടോയെന്ന വിലയിരുത്തൽ ഏതുസമയത്തും സ്വയം നടത്തിക്കൊണ്ടിരിക്കേണ്ടതാണ്. പ്രവർത്തിക്കാത്തത് പറയുന്നത് പടച്ചവന് വളരെയേറെ കോപമുണ്ടാക്കുന്നതാണെന്ന ഖുർആൻ പാഠം നാം മറക്കാതിരിക്കുക.

തൗഹീദും ആഖിറത്തും രിസാലത്തുമാണ് നാം ജനങ്ങളെ ക്ഷണിച്ചുകൊണ്ടിരിക്കുന്ന അടിസ്ഥാനാശയങ്ങൾ. സർവേശ്വരനായ തമ്പുരാൻെറ രക്ഷാകർതൃത്വത്തെയും ഏകത്വത്തെയും അദ്വിതീയതയെയും ആരാധ്യതയെയും അംഗീകരിക്കുന്നവരാണ് നമ്മളെല്ലാം; അല്ലാഹുവാണ് പരമാധികാരിയും രക്ഷകനുമെന്ന് പൂർണമായി ഉൾക്കൊള്ളുകയും അവൻെറ നാമ-ഗുണവിശേഷങ്ങൾ അദ്വിതീയവും അതുല്യവുമാണെന്ന് മനസ്സിലാക്കുകയും അവനോടുമാത്രം പ്രാർഥനാ വഴിപാടുകൾ നടത്തുകയും  ചെയ്യുന്നവർ. പക്ഷേ, നമ്മുടെ ജീവിതത്തിൽ വന്നുഭവിക്കുന്ന പ്രതിസന്ധികളിലും പ്രയാസങ്ങളിലും പ്രശ്നങ്ങളിലും നാം എടുക്കുന്ന നിലപാടുകളിൽ തൗഹീദിൻെറ സ്വാധീനം എത്രത്തോളമുണ്ടെ ന്ന് നാം എപ്പോഴെങ്കിലും ശ്രദ്ധിച്ചിട്ടുണ്ടോ?

മരണാനന്തര ജീവിതത്തിൻെറ സത്യതയെക്കുറിച്ച് നമുക്കെല്ലാം ബോധ്യമുണ്ട്. ബർസഖീ ജീവിതവും ഖബറിലെ ചോദ്യവും ഉയിർത്തെഴുന്നേൽപ്പും വിചാരണയും നരക-സ്വർഗ പ്രവേശങ്ങളും അവിടെയുള്ള വിഭവങ്ങളും അനുഭവങ്ങളുമെല്ലാം ഖുർആനിലും പ്രവാചക മൊഴികളിലും പരാമർശിച്ചതുപോലെത്തന്നെ സംഭവിക്കുമെന്ന് നാം കരുതുന്നു. പക്ഷേ, ജീവിതത്തിൻെറ എല്ലാ തലങ്ങളിലും നാം എടുക്കുന്ന തീരുമാനങ്ങളും ചെയ്യുന്ന പ്രവർത്തനങ്ങളും ആത്യന്തികമായി അല്ലാഹുവിൻെറ പ്രീതിയും  മരണാനന്തര ജീവിതത്തിലെ പ്രതിഫലവും 'മാത്രം' കാംക്ഷിച്ചുകൊണ്ടുമുള്ളതാണോയെന്ന് പരിശോധിക്കുവാൻ നാം സന്നദ്ധമാകാറുണ്ടോ?

ഖുർആനും പ്രവാചക ചര്യയുമാണ് രക്ഷയുടെ പാതയെക്കുറിച്ച കൃത്യവും സൂക്ഷ്മവുമായ വിവരം നൽകുന്നത് എന്ന് നമുക്കറിയാം. കളങ്കങ്ങൾക്കും കൈകടത്തലുകൾക്കും അതീതമായി നിൽക്കുന്ന ദൈവിക ഗ്രന്ഥവും ദൈവദൂതൻെറ ചര്യയും നന്മയെന്നു പറഞ്ഞതെല്ലാം നന്മയാണെന്നും തിന്മയാണെന്നു പഠിപ്പിച്ചതെല്ലാം തിന്മയാണെന്നും നമുക്കെല്ലാം ബോധ്യമുണ്ട്. എന്നാൽ ജീവിതത്തിൻെറ എല്ലാ രംഗത്തും പ്രമാണങ്ങൾ പറഞ്ഞുതന്ന നന്മകൾ സ്വീകരിക്കുവാനും തിന്മകൾ വെടിയുവാനും കഴിയുകയും നമ്മുടെ വ്യക്തിതാൽപര്യങ്ങൾക്ക് വിരുദ്ധമാണെങ്കിൽ പോലും ഖുർആനും തിരുസുന്നത്തും പറയുന്നതാണ് ശരിയെന്നു ചിന്തിച്ച് പ്രവർത്തിക്കുവാനും നമുക്കു കഴിയാറുണ്ടോ?

ആദർശങ്ങൾ പറയാനുള്ളതു മാത്രമല്ല, പ്രവൃത്തിപഥത്തിൽ കൊണ്ടുവരാൻ കൂടിയുള്ളതാണെന്ന ഇസ്ലാമികപാഠം നമ്മുടെ ജീവിതത്തെയും ചിന്തയെയും പ്രതികരണങ്ങളെയും പ്രതീക്ഷകളെയുമെല്ലാം എത്രത്തോളം സ്വാധീനിച്ചിട്ടുണ്ട് എന്ന വിലയിരുത്തലിന് ഈ റമദാൻ നമുക്ക് പ്രചോദനമാകേണ്ടതുണ്ട്. അല്ലാഹുവിൻെറ കൃത്യമായ വിധിക്ക് വിധേയമായാണ് ഈ പ്രപഞ്ചത്തിലെ ചെറുതും വലുതുമായ പ്രതിഭാസങ്ങളും മനുഷ്യജീവിതത്തിൽ വന്നുഭവിക്കുന്ന കാര്യങ്ങളുമൊക്കെ സംഭവിക്കുന്നതെന്ന് മനസ്സിലാക്കുന്നവന്ന് പിന്നെ അഹങ്കാരമുണ്ടാകുന്നതെങ്ങനെ? പരമകാരുണികനായ അല്ലാഹുവിൽ നിന്ന് ഉണ്ടാവുന്നതെല്ലാം

നന്മയാണെന്നും താൻ ദൈവികമാർഗദർശനപ്രകാരം ചരിക്കുന്നവനാണെങ്കിൽ തനിക്ക് വന്നുഭവിക്കുന്ന തിന്മകൾ പോലും പരീക്ഷണങ്ങളും അതുകൊണ്ടുതന്നെ ആത്യന്തികമായി നന്മയുമായിരിക്കുമെന്നും ഉൾക്കൊള്ളുന്നയാൾക്ക് നിരാശയുണ്ടാകുന്നതെങ്ങനെ? അല്ലാഹു തനിക്കുവേണ്ടി നിശ്ചയിച്ചത് തട്ടിയെടുക്കാൻ ആർക്കുമാവില്ലെന്നും മറ്റവനുവേണ്ടി നിശ്ചയിച്ചത് ആഗ്രഹിക്കുന്നതുകൊണ്ട് കാര്യമില്ലെന്നും അറിയുന്നവൻെറ മനസ്സിൽ അസൂയ മുളപൊട്ടുന്നതെങ്ങനെ? ജന്മത്തിൻെറ പേരിലല്ല വിമലമായ വിശ്വാസത്തിലധിഷ്ഠിതമായ കർമങ്ങളുടെഅടിസ്ഥാനത്തിലാണ് അല്ലാഹു മഹത്വം നിശ്ചയിക്കുന്നതെന്ന് ബോധ്യപ്പെട്ട ഒരാളുടെ മനസ്സിൽ സങ്കുചിത താൽപര്യങ്ങളുണ്ടാകുന്നതെങ്ങനെ? മരണാനന്തര ജീവിതത്തിലെ രക്ഷക്കുവേണ്ടി കർമം ചെയ്യുന്നയാളുടെ മനസ്സിൽ  ലോകമാന്യത്തിൻെറ ലാഞ്ചനയുണ്ടാകുന്നതെങ്ങനെ? പ്രമാണങ്ങൾ പഠിപ്പിച്ച നന്മകൾ ജീവിതത്തിൽ പുലർത്തുകയും തിന്മകളിൽനിന്ന് പൂർണമായും ഒഴിഞ്ഞുനിൽക്കുകയും ചെയ്യുന്നവന് ഭീതിയും അപകർഷതാബോധവുമുണ്ടാകുന്നതെങ്ങനെ? മുകളിൽ പറഞ്ഞ അധമവികാരങ്ങളിലേതെങ്കിലും നമ്മെ ഭരിക്കുന്നുവെങ്കിൽ ഉൾക്കൊള്ളേണ്ട രീതിയിലല്ല നാം ആദർശം ഉൾക്കൊണ്ടിരിക്കുന്നതെന്ന് വ്യക്തം. പിന്നെയെങ്ങനെയാണ് നാം മറ്റുള്ളവരെ ഈ ആദർശത്തിലേക്ക് ക്ഷണിക്കുക?

റമദാനിൻെറ ദിനരാത്രങ്ങൾ സ്വയം വിലയിരുത്തലിനും തിരുത്തലിനുമുള്ളതാകുമ്പോഴേ സ്വയം വിമലീകരണത്തിനും വിശുദ്ധീകരണത്തിനും നിമിത്തമാകുവാൻ നമുക്ക് കഴിയൂ. അല്ലാഹുവിനെ അറിയേണ്ടതുപോലെ അറിയുകയും അവനിൽ കാര്യങ്ങൾ സമർപിക്കുകയും മരണാനന്തര ജീവിതത്തിലെ രക്ഷക്കുവേണ്ടി കർമങ്ങൾ ചെയ്യുകയും നന്മ- തിന്മകൾക്കുള്ള മാനദണ്ഡമായി ഖുർആനിനെയും സുന്നത്തിനെയും സ്വീകരിക്കുകയും ചെയ്യുമ്പോൾ നമ്മിലെ അധമവികാരങ്ങൾ സ്വയമേവ തന്നെ കൊഴിഞ്ഞു പോവും. അതിന്ന് സർവശക്തൻ നമ്മെ അനുഗ്രഹിക്കട്ടെ (ആമീൻ).